## പതിനാലാം കേരളനിയമസഭ

## പതിനെട്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *165 | 11.02.2020-ൽ മറുപടിക്ക് |
|---|---|

### സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീമതി ഷാനിമോൾ ഉസ്മാൻ<br>ശ്രീ. റോജി എം. ജോൺ<br>ശ്രീ. ഷാഫി പറമ്പിൽ | പിണറായി വിജയൻ<br>മുഖ്യമന്ത്രി |

| | | | |
|---|---|---|---|
| (എ) | സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾക്കുള്ള ശിക്ഷ കർശനമാക്കിയിട്ടും സംസ്ഥാനത്ത് അവർക്കെതിരായുള്ള അതിക്രമങ്ങൾ കൂടിവരുന്നതായ ആക്ഷേപം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഇത് എന്തുകൊണ്ടാണ് എന്ന് വിശദമാക്കുമോ; | (എ) | ആക്ഷേപങ്ങൾ വസ്തുതാപരമല്ല. സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾക്കെതിരെ രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം 2016-ൽ 15,114; 2017-ൽ 14,263; 2018-ൽ 13,643; 2019-ൽ 14,293 എന്നിങ്ങനെയാണ്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം രജിസ്റ്റർ ചെയ്ത ബലാത്സംഗക്കേസ്സുകളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | (see table below) |
| (സി) | സ്ത്രീകൾക്കെതിരായുള്ള അതിക്രമങ്ങളിൽ കുറ്റക്കാരെ രാഷ്ട്രീയപരിഗണന കൂടാതെ നിയമത്തിനു മുന്നിൽ കൊണ്ടുവരുന്നതിന് സാധിക്കുന്നുണ്ടോ; വിശദമാക്കുമോ; | (സി) | സംസ്ഥാനത്ത് സ്ത്രീകൾക്കെതിരായുള്ള അതിക്രമങ്ങളിൽ കുറ്റക്കാരായവർക്കെതിരെ റിപ്പോർട്ടാകുന്ന കേസുകളിൽ രാഷ്ട്രീയപരമോ, അല്ലാതെയോ ഉള്ള യാതൊരു പരിഗണനയും നൽകാതെ കർശനമായി നടപടികൾ സ്വീകരിച്ചു വരുന്നു. |

(ബി)

| | 25.05.2016 to 31.12.2016 | 2017 | 2018 | 2019 |
|---|---|---|---|---|
| ഈ സർക്കാർ അധികാരത്തിൽ വന്നശേഷം രജിസ്റ്റർ ചെയ്ത ബലാത്സംഗക്കേസ്സുകളുടെ എണ്ണം | 1043 | 2003 | 2005 | 2076 |

| | | | |
|---|---|---|---|
| (ഡി) | വനിതകളുടെ സുരക്ഷയ്ക്കായി എല്ലാ നടപടികളും സ്വീകരിക്കണമെന്നും സമയബന്ധിതമായി പരാതികൾ തീർപ്പാക്കണമെന്നും ആവശ്യപ്പെട്ട് കേന്ദ്ര ആഭ്യന്തര മന്ത്രാലയം അയച്ച കത്ത് ചീഫ് സെക്രട്ടറിക്ക് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്താണ്; വിശദമാക്കുമോ? | (ഡി) | ഉണ്ട്. പ്രസ്തുത കത്തിലെ പ്രധാനപ്പെട്ട നിർദ്ദേശങ്ങളായ പ്രാദേശിക അധികാര പരിധി പരിഗണിക്കാതെ FIR (Zero FIR) രജിസ്റ്റർ ചെയ്യുക, ലൈംഗികാതിക്രമ കേസുകളുടെ തൽസ്ഥിതി ഓൺ ലൈൻ ആയി അറിയുന്നതിനുള്ള Investigation Tracking System Sexual Offences (ITSSO) എന്ന പോർട്ടൽ, ലൈംഗിക കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ട കുറ്റവാളികളുടെ വിവരങ്ങൾ ദേശീയതലത്തിൽ ശേഖരിച്ചിട്ടുള്ള National Database on Sexual Offences (NDSO), അടിയന്തര സഹായത്തിനായി സ്ത്രീകൾക്കും കുട്ടികൾക്കും പോലീസ് സഹായം ആവശ്യപ്പെടാവുന്ന 112 എന്ന എമർജൻസി നമ്പർ പ്രകാരമുള്ള Emergency Response Support System (ERSS) എന്നിവ സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ഫോറൻസിക് സയൻസ് ലബോറട്ടറികളിലെ സയന്റിഫിക് ഓഫീസർമാർക്ക് ആവശ്യമായ പരിശീലന പരിപാടികൾ കേന്ദ്ര സർക്കാരിന്റെ വിവിധ സ്ഥാപനങ്ങൾ മുഖേന നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ